# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5018 30/06/2014-ൽ മറുപടിയ്ക്ക്

## തീരദേശ സംരക്ഷണ നിയമത്തിൽ ഭേദഗതികൾ

**ചോദ്യം**

ശ്രീ. സി. ദിവാകരൻ:
ശ്രീ. കെ. അജിത്:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ) തീരദേശ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട കേന്ദ്ര വിജ്ഞാപനത്തിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഭേദഗതികൾ വരുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എ) തീരദേശ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട കേന്ദ്ര വിജ്ഞാപനത്തിൽ മാറ്റം വരുത്തുന്നതിനുള്ള ഭേദഗതികൾ ഫിഷറീസ് വകുപ്പിൽ നിന്ന് സമർപ്പിച്ചിട്ടില്ല.

(ബി) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ശാസ്ത്ര - സാങ്കേതികവും തദ്ദേശ സ്വയംഭരണവും വകുപ്പുകൾ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവസാനമായി പുറപ്പെടുവിച്ച സർക്കുലറുകളിലെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ശാസ്ത്ര - സാങ്കേതിക വകുപ്പ് 2 സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ടാമത് പുറപ്പെടുവിച്ച സർക്കുലറിൽ തീരദേശ പരിപാലനവുമായി ബന്ധപ്പെട്ട് 1991 -ലും 2011ലും ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ കൃത്യമായും, കാര്യക്ഷമമായും പരാതികൂടാതെ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതീവ ശ്രദ്ധ ചെലുത്തണമെന്ന് നിർദ്ദേശിക്കുന്നു എന്നും നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിലും ബഹു. സുപ്രീം കോടതിയുടെയും ബഹു. ഹൈക്കോടതി യുടെയും പരാമർശത്തിന്റെ വെളിച്ചത്തിൽ CRZ നിബന്ധനകൾ പാലിക്കപ്പെടാത്തത് അത്യന്തം ഗൗരവതരമായി

കാണുമെന്നും ഇതിനെതിരെ 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് ഓർമ്മപ്പെടുത്തുന്നു എന്നും ആണ് വ്യക്തമാക്കിയിരിക്കുന്നത്.

| | |
|---|---|
| (സി) തീരദേശത്തുനിന്നും അഞ്ഞൂറ് മീറ്ററിനുള്ളിൽ വീട് വയ്ക്കുന്നതിന് സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിക്കുന്ന അപേക്ഷകൾ സി. ആർ. ഇസഡ് നോട്ടിഫിക്കേഷൻ പ്രകാരം തള്ളിക്കളയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) അപ്രകാരം തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിക്കുന്ന അപേക്ഷകൾ CRZ നോട്ടിഫിക്കേഷൻ പ്രകാരം തള്ളിക്കളയുന്ന വിവരം ഫിഷറീസ് വകുപ്പിൽ നാളിതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ